# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2465 07.10.2016-ൽ മറുപടിയ്ക്ക്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ദോഷകരമായ മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം<br>ശ്രീ.ജോർജ് എം.തോമസ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കുമ്പോൾ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ മൂലം, അവയ്ക്ക് സ്വതന്ത്രമായി പദ്ധതികളാവിഷ്ക്കരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ വ്യത്യസ്ത മേഖലകൾക്ക് നിശ്ചിത ശതമാനം നീക്കി വെയ്ക്കണം എന്ന മാർഗ്ഗനിർദ്ദേശം മൂലം സ്വതന്ത്ര പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാത്തത്, 'സ്വയംഭരണം' എന്ന പദവിയ്ക്ക് തടസ്സം നിൽക്കുന്നതാകയാൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ പൊതുവായ വികസന മുൻഗണനകൾ മുൻനിർത്തിയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതി തയ്യാറാക്കുമ്പോൾ വ്യത്യസ്ത മേഖലകൾക്ക് നിശ്ചിത ശതമാനം നീക്കി വെയ്ക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തയ്യാറാക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾ ഏറ്റെടുത്ത് സ്ഥാപനങ്ങൾക്ക തന്നെ നടപ്പിലാക്കാവുന്നതാണ്. കൂടാതെ മാർഗ്ഗരേഖകളിൽ ഉൾപ്പെടാത്ത പദ്ധതികൾ സർക്കാരിന്റെ അനുവാദത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ.